പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3853 19.2.2013 ൽ മറുപടിക്ക്

## ആംഡ് ബറ്റാലിയനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

<table>
<tr><td>എ) ആംഡ് ബറ്റാലിയനുകളിൽ ആകെ എത്ര ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് ബറ്റാലിയൻ തിരിച്ച് വ്യക്തമാക്കാമോ;</td><td>എ) ആംഡ് പോലീസ് ബറ്റാലിയനുകളിൽ ആകെ 38 ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളാണ് ഉള്ളത്.
<table>
<tr><th>യൂണിറ്റ്</th><th>സ്ഥിര ഒഴിവ്</th><th>താൽക്കാലിക ഒഴിവ് (ട്രെയിനിംങ്ങിനു വേണ്ടി)</th><th>ആകെ</th></tr>
<tr><td>എം.എസ്.പി</td><td>3</td><td>4</td><td>7</td></tr>
<tr><td>കെ.എ.പി 1</td><td>3</td><td>4</td><td>7</td></tr>
<tr><td>കെ.എ.പി 2</td><td>3</td><td>0</td><td>3</td></tr>
<tr><td>കെ.എ.പി 3</td><td>2</td><td>3</td><td>5</td></tr>
<tr><td>കെ.എ.പി 4</td><td>5</td><td>3</td><td>8</td></tr>
<tr><td>കെ.എ.പി 5</td><td>5</td><td>3</td><td>8</td></tr>
<tr><td>ആകെ</td><td>21</td><td>17</td><td>38</td></tr>
</table></td></tr>
<tr><td>ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;</td><td>ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 16441/2011 വിധിയെ തുടർന്നുള്ള 21.01.2012 ജി.ഒ (ആർ.ടി) 188/2012/ആഭ്യന്തര നമ്പർ പ്രകാരമുള്ള ഉത്തരവിനെത്തുടർന്നും 11.03.2005 ലെ 152/ Camp ADGP (Trg)/2005 നമ്പരിലുള്ള ഹൈലെവൽ കമ്മിറ്റി റിപ്പോർട്ടിലെ തീരുമാനങ്ങൾ കർശനമായി നടപ്പിലാക്കിക്കൊണ്ട് ഈ 18.01.1984 മുതൽ ബറ്റാലിയനിലെ എല്ലാ തസ്തികകളിലേക്കും സീനിയോറിറ്റി ലിസ്റ്റുകൾ പരിഷ്കരിച്ചു വരികയാണ്. അതിന്റെ ഭാഗമായി 01.01.1984 മുതൽ 01.01.1998 വരെയുള്ള ആംഡ് പോലീസ് ബറ്റാലിയൻ ഹവിൽദാർ റാങ്കിലേയ്ക്കും ഈ കാലയളവിലെ ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിലേയ്ക്കുമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റും അതിനനുസൃതമായ സെലക്ട് ലിസ്റ്റുകളും തയ്യാറാക്കിയിട്ടുള്ളതും തുടർന്ന്</td></tr>
</table>

| | |
|---|---|
| | ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ റാങ്കിലേക്കുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അന്തിമ സീനിയോരിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം തയ്യാറാക്കപ്പെടുന്ന സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിലവിലുള്ള ഒഴിവുകൾ നികത്താൻ നിർവ്വാഹമുള്ളൂ. മാത്രമല്ല പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിനെ തുടർന്നുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാതെ തുടർന്നു വരുന്ന ആംഡ് പോലീസ് ഇൻസ്പെക്ടർമാർ/അസിസ്റ്റന്റ് കമാണ്ടർമാരെ കേഡർ തസ്തികകളിൽ ക്രമീകരിക്കുന്നതിനായി തരംതാഴ്ത്തേണ്ടിയും വരുന്നതാണ്. നിലവിലുള്ള വേക്കൻസികൾക്കു പുറത്ത് ഇപ്രകാരം ആരെങ്കിലും ഉണ്ടായാൽ അവരെ കൂടി ഉൾപ്പെടുത്തുന്നതിന് ഈ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികകൾ വിനിയോഗിക്കേണ്ടി വരും. |
| സി) എയർപോർട്ട് എമിഗ്രേഷനുകൾ, ഇന്റലിജൻസ് ബ്യൂറോ ഏറ്റെടുത്തപ്പോൾ പുറത്താകുന്ന ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരെ എവിടെ പോസ്റ്റ് ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ? | സി) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് 166 ആണ്. ആയതിനാൽ എമിഗ്രേഷൻവിഭാഗത്തിൽ നിന്നും മടങ്ങി വരുന്ന ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരെ കേഡർ സ്ട്രെങ്ത്തിനു പുറത്താണെങ്കിൽ ജൂനിയർമാരായിട്ടുള്ളവരെ ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായി റിവേർട്ട് ചെയ്യേണ്ടതായി വരും. |

സെക്ഷൻ ഓഫീസർ.